മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline)
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നമ്പർ: NREGA/414/2022-B1 തീയതി : 30-05-2025

പ്രേഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)- NLM പരിശോധന റിപ്പോർട്ട്, ഫീൽഡ് പരിശോധന റിപ്പോർട്ട്- പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന : 1. 07.05.2025 ലെ K-11011/01/2025/RE-VIII/NLM (392206) നമ്പർ NLM പരിശോധന റിപ്പോർട്ട്

2. 28/03/2025 ലെ NREGA/291/2022-E2 നമ്പർ സർക്കുലർ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഏപ്രിൽ 20 മുതൽ 27 വരെ 5 ജില്ലകളിലായി നടന്ന കേന്ദ്ര NLM പരിശോധനയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സംസ്ഥാനത്ത് നടപ്പാക്കുന്നതിലുള്ള വിവിധ പോരായ്മകൾ ചൂണ്ടികാണിച്ചിട്ടുണ്ട്. ടി പോരായ്മകൾ പരിഹരിക്കുന്നതിനായി ചുവടെ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് എല്ലാ ജില്ലകളും ഉറപ്പ് വരുത്തേണ്ടതാണ്.

1. വ്യക്തിഗത ഗുണഭോക്താക്കളുടെ ഭൂമിയിൽ Land Development പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഒന്നിലധികം ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളതല്ല. ഒരു ഗുണഭോക്താവ് ഒരു പ്രവൃത്തി എന്ന മാനദണ്ഡം പാലിച്ചു മാത്രമേ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളൂ.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ കരാർ കാരൻ മുഖേനെ നടപ്പിലാക്കാൻ പാടില്ല. എന്നാൽ ചില ഗ്രാമ പഞ്ചായത്തുകളിൽ പ്രവൃത്തികൾ പൂർണ്ണമായും കരാർകാർക്ക് നൽകുന്നതായി NLM കണ്ടെത്തിയിട്ടുണ്ട്. ഇത് കർശനമായും ഒഴിവാക്കേണ്ടതാണ്.

3. സാധന സാമഗ്രികൾ വിതരണം ചെയ്യാൻ വെണ്ടറുമായി കരാറിൽ ഏർപ്പെടുമ്പോൾ ടി വെണ്ടറുടെ GST registration പരിശോധിച്ച് ബന്ധപ്പെട്ട വെണ്ടർമാർ സാധന സാമഗ്രികൾ വിതരണം ചെയ്യാനുള്ള GST registration നേടിയവരാണ് എന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.

4.NREGA Soft-ൽ ശരിയായ proposed status രേഖപ്പെടുത്തുന്നില്ല എന്നും, proposed status പ്രകാരമുള്ള പ്രവൃത്തികൾ അല്ല നടപ്പിലാക്കിയിട്ടുള്ളത് എന്നും NLM കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ NREGA Soft-ൽ പ്രവൃത്തികളുടെ പേര് നൽകുന്നത് Proposed status അനുസരിച്ചുള്ളതും, അതിന് അനുസൃതമായ estimate-കളും മാത്രമേ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കാൻ പാടുള്ളൂ. ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന Estimate-കൾ DPC അംഗീകാരത്തിനു നൽകുന്നതിന് മുൻപ് ബ്ലോക്ക് എഞ്ചിനീയർമാർ ആയത് ഉറപ്പ് വരുത്തേണ്ടതാണ്.

4. CIB യിലെ വിവരങ്ങൾ അപൂർണ്ണമാണ് എന്ന് NLM കണ്ടെത്തിയിട്ടുണ്ട്. ജില്ല, ബ്ലോക്ക് തലങ്ങളിൽ

നിന്നും പ്രവൃത്തികളുടെ പരിശോധന നടത്തുമ്പോൾ പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനോടൊപ്പം CIB-കളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. രജിസ്റ്ററുകൾ കൃത്യമായി update ചെയ്തു സൂക്ഷിക്കുന്നില്ല എന്ന് NLM കണ്ടെത്തിയിട്ടുണ്ട്. രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഉണ്ടെന്നും, വർക്ക് ഫയലിൽ ആവശ്യമായ രേഖകൾ ഉണ്ടെന്നും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലാ, ബ്ലോക്ക് തലങ്ങളിൽ നിന്നുള്ള വർക്ക് ഫയലുകളുടെ പരിശോധന സൂചന 2 പ്രകാരം കൃത്യമായി നടത്തുന്നു എന്ന് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ഫയലുകൾ, രജിസ്റ്ററുകളുടെ സൂക്ഷിപ്പും ആയവയുടെ കൃത്യമായി update ചെയ്യൽ എന്നിവ പരിശോധന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. JPC മാസത്തിൽ കുറഞ്ഞത് 2 പഞ്ചായത്ത് ഓഫീസ് എങ്കിലും സന്ദർശിച്ച് ആയത് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് തൊട്ടടുത്ത മാസം 5-ാം തിയതിയ്ക്ക് മുൻപ് നിശ്ചിത പ്രോഫോർമയിൽ മിഷൻ ഡയറക്ടർക്ക് നൽകേണ്ടതാണ്. വീഴ്ച കണ്ടെത്തുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ആയത് പരിഹരിക്കുന്നതിനുള്ള നിർദേശം നൽകേണ്ടതും ആയത് പാലിക്കപ്പെടുന്നു എന്നത് തുടർന്നുള്ള പരിശോധനയിൽ ഉറപ്പ് വരുത്തേണ്ടതും ആണ്.

വിശ്വസ്തതയോടെ,

Signed by
Nizamudeen A Ias
Date: 30-05-2025 16:47:54
MISSION DIRECTOR

പരിശോധന ഫോറം

പരിശോധന നടത്തിയ ഫയലുകൾ സംബന്ധിച്ച വിവരം

ഗ്രാമ പഞ്ചായത്തിന്റെ പേര് :

| ക്രമ നം | പ്രവൃത്തിയുടെ കോഡ് | ഫയലുകളിൽ സൂക്ഷിക്കേണ്ട രേഖകൾ (21 എണ്ണം) കൃത്യമായി സൂക്ഷിക്കുന്നുണ്ടോ | |
|---|---|---|---|
| | | അതെ | അല്ല |
| | | | |

| ക്രമ നം | രജിസ്റ്റർ | കൃത്യമായി സൂക്ഷിക്കുന്നുണ്ടോ | | കൃത്യമായി update ൟ | |
|---|---|---|---|---|---|
| | | അതെ | അല്ല | ഉണ്ട് | |

| | | | | | |
|---|---|---|---|---|---|
| 1 | Register–I Register for Job Card (Application, Registration, Job Card Issue) and Household Employment Reports | | | | |
| 2 | Register – II Gram Sabha Register | | | | |
| 3 | Register – III Demand for Work, Allocation of Work and Payment of Wages Register | | | | |
| 4 | Register – IV Work Register | | | | |
| 5 | Register –V Fixed Asset Register | | | | |
| 6 | Register – VI Complaint Register | | | | |
| 7 | Register – VII Material Register | | | | |

ഗ്രാമ പഞ്ചായത്തിനു നൽകിയ നിർദേശം :-

ഒപ്പ്

തിയതി